LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ സംരക്ഷണ പ്രവർത്തനം

29(2067) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തന ഫലമായി 'പീക്ക് ഡിമാന്റ്' എത്ര കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തനം മുഖേന പവർ പർച്ചേസ് എത്ര യൂണിറ്റ് കുറയ്ക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ARR&ERC യിൽ 2016 ജനുവരി മാസത്തിൽ പ്രതീക്ഷിച്ച പീക്ക് ഡിമാന്റ് 3685 മെഗാവാട്ടും വൈദ്യുതി ആവശ്യകത 3545 മെഗാവാട്ടും ആയിരുന്നു. വൈദ്യുതി ആവശ്യകതയിൽ വന്ന (140 മെഗാവാട്ടിന്റെ കുറവിൽ) ഊർജ്ജ സംരക്ഷണ ഫലവും ഉൾപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഏകദേശം പ്രതിദിനം 0.56 ദശലക്ഷം യൂണിറ്റിന്റെ കുറവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കുന്നു. 14-2-2016 വരെ പ്രതീക്ഷിച്ച ഉയർന്ന പീക്ക് ഡിമാന്റ് 3822 മെഗാവാട്ടും രേഖപ്പെടുത്തിയ വൈദ്യുതി ആവശ്യകത 3517 മെഗാവാട്ടുമാണ്. 2014-15 കാലയളവിൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടത്തിയ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കൊണ്ട് 281 മെഗാ യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) 2016 ഫെബ്രുവരി മാസത്തിൽ ഊർജ്ജ ഉപഭോഗത്തിൽ ഉണ്ടായ കുറവ് മൂലം പി.റ്റി.സി. സിംഹപുരിയിൽ നിന്ന് വാങ്ങുന്ന വൈദ്യുതിയിൽ നിന്ന് 150 മെഗാവാട്ട് കുറച്ചിട്ടുണ്ട്.

എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തനം

30(2068) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എനർജി ഇന്നവേഷൻ സോണിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1-7-2013-ൽ ആരംഭിച്ചു.